**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1777** **13-02-2025 - ൽ മറുപടിയ്ക്ക്**

**ട്രാവൽ കാർഡ് സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ട്രാവൽ കാർഡ് സമ്പ്രദായം എന്നു മുതൽ തുടങ്ങിയെന്നും എന്നു മുതലാണ് നിർത്തലാക്കിയതെന്നും വ്യക്തമാക്കുമോ; | (എ) | 20.07.2022 മുതൽ കെ.എസ്.ആർ.ടി.സി.യിൽ ക്ലോസ്ഡ് ലൂപ്പ് കാർഡുകൾ നടപ്പിലാക്കുകയും 31.12.2023 ൽ നിറുത്തലാക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത സമ്പ്രദായം നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിങ് സംവിധാനം പൂർണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ്ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>ടി സംവിധാനം നടപ്പിലാക്കി കഴിയുമ്പോൾ നിലവിൽ ഉപയോഗത്തിൽ ഉണ്ടായിരുന്ന ട്രാവൽ കാർഡുകൾ അപ്ഗ്രേഡ് ചെയ്ത് പുതിയ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ട്രാവൽ കാർഡ് സമ്പ്രദായത്തിൽ എത്ര പേർ അംഗങ്ങളായെന്നും കാർഡിൽ തുക ബാക്കിയുള്ളവർക്ക് തിരിച്ചുനൽകുവാൻ എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്നും ഇതുമായി ബന്ധപ്പെട്ട് എന്ത് തുക കെ.എസ്.ആർ.ടി.സി.യുടെ പക്കലുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | 1,17,164 പേർക്ക് ട്രാവൽ കാർഡ് തിരുവനന്തപുരം ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട്. ടി കാർഡുകളിൽ 1075 കാർഡുകളുടെ തുകയായ 1,96,985 കെ.എസ്.ആർ.ടി.സി.യുടെ പക്കൽ ലഭിക്കുകയും ചെയ്തു. പഴയ കാർഡിലുള്ള തുക പുതിയ കാർഡുകളിലേക്ക് ട്രാൻസ്ഫർ ചെയ്തു സൂക്ഷിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ സംവിധാനം നടപ്പിലാക്കുന്നതിന്റെ മുറയ്ക്ക് പുതിയ കാർഡുകൾ വിതരണം ചെയ്യുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി തുടർന്നും നല്ല രീതിയിൽ നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ നടപ്പിലാക്കുന്ന മുറയ്ക്ക് പ്രസ്തുത കാർഡുകൾ സംസ്ഥാനതലത്തിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ